# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 09.10.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. നവീകരണം, ഉൾച്ചേർക്കൽ എന്നിവയിൽ ആഗോള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നത് രാജ്യത്തെ ഡിജിറ്റൽ ആവാസവ്യവസ്ഥയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi says the country's digital ecosystem is setting global standards in innovation and inclusion.**

2. ഭീകരവാദ മുക്തമായ ജമ്മു കശ്മീർ എന്ന ലക്ഷ്യം നേടിയെടുക്കാൻ കേന്ദ്രസർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ.

   **Union Home Minister Amit Shah says the Union government is committed to achieving the goal of a terrorism-free Jammu and Kashmir.**

3. ഗാസയിലെ സമാധാനം പുനഃസ്ഥാപിക്കുന്നതിനുള്ള എല്ലാ ശ്രമങ്ങളെയും ഇന്ത്യ പിന്തുണയ്ക്കുന്നതായി വിദേശകാര്യ മന്ത്രാലയം.

   **Ministry of External Affairs says India supports all efforts to restore peace in Gaza.**

4. 2025 ലെ സാഹിത്യത്തിനുള്ള നൊബേൽ സമ്മാനം ഹംഗേറിയൻ എഴുത്തുകാരൻ ലാസ്ലോ ക്രസ്ന ഹോർക്കൈയ്ക്ക്.

   **Hungarian writer László Krasznahorkai awarded the Nobel Prize for Literature for 2025.**

5. 15-ാം കേരള നിയമസഭയുടെ 14-ാം സമ്മേളനത്തിന് ഇന്ന് സമാപനമായി. സഭ അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു.

**The 14th session of the 15th Kerala Legislative Assembly concluded today. The House adjourned indefinitely.**

6. വനിതാ ഏകദിന ക്രിക്കറ്റ് ലോകകപ്പിൽ ഇന്ത്യക്കെതിരെ ദക്ഷിണാഫ്രിക്കയ്ക്ക് 252 റൺസ് വിജയലക്ഷ്യം.

**South Africa set a target of 252 runs against India in the Women's One-Day Cricket World Cup**

## REV. EVE. PM-UK (INTRO)

നവീകരണം, ഉൾച്ചേർക്കൽ എന്നിവയിൽ ആഗോള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നത് രാജ്യത്തെ ഡിജിറ്റൽ ആവാസവ്യവസ്ഥയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. മുംബൈയിൽ നടന്ന ഗ്ലോബൽ ഫിൻടെക് ഫെസ്റ്റ് 2025 നെ അഭിസംബോധന ചെയ്യുകയായിരുന്നു പ്രധാനമന്ത്രി. സാങ്കേതികവിദ്യയുടെ ജനാധിപത്യവൽക്കരണത്തിലൂടെ ഇന്ത്യ സാങ്കേതികമായി എല്ലാവരേയും ഉൾക്കൊള്ളുന്ന രാജ്യമായി മാറിയതായും ശ്രീ മോദി പറഞ്ഞു. യുപിഐ വഴി പ്രതിമാസം 25 ലക്ഷം കോടി രൂപയുടെ 2000 കോടി ഇടപാടുകൾ രാജ്യത്ത് നടക്കുന്നതായും അദ്ദേഹം പറഞ്ഞു.
(ഹോൾഡ് വോയ്സ്........)
ഇന്ത്യ- യുകെ സ്വതന്ത്ര വ്യാപാര കരാറിലൂടെ ഇരു രാജ്യങ്ങളിലേയും മൊത്ത ആഭ്യന്തര ഉത്പാദനത്തിൽ വർദ്ധനയുണ്ടാക്കാൻ സാധിക്കുമെന്ന് പരിപാടിയിൽ പങ്കെടുത്തുകൊണ്ട് ബ്രിട്ടീഷ് പ്രധാനമന്ത്രി കിയർ സ്റ്റാമർ പറഞ്ഞു.

(ഹോൾഡ് വോയ്സ്........)

നേരത്തെ പ്രധാനമന്ത്രി നരേന്ദ്ര മോദിയും ബ്രിട്ടീഷ് പ്രധാനമന്ത്രിയും സിഇഒ ഫോറത്തെ അഭിസംബോധന ചെയ്തിരുന്നു, ഇന്ന് രാവിലെ നടന്ന പ്രതിനിധിതല ചർച്ചയ്ക്ക് ശേഷം സംയുക്ത മാധ്യമ സമ്മേളനത്തെയും ഇരുനേതാക്കളും അഭിസംബോധന ചെയ്തു. സാങ്കേതിക വിദ്യ, പ്രതിരോധം, നിർമ്മിത ബുദ്ധി, സുസ്ഥിര വികസനം, പുനരുപയോഗ ഊർജ്ജം എന്നീ മേഖലകളിൽ ഇരു നേതാക്കളും ചർച്ച നടത്തി.

## PIYUSH GOYAL- JETCO

ഇന്ത്യയും യുകെയും തമ്മിൽ സംയുക്ത സാമ്പത്തിക, വ്യാപാര സമിതി പുനഃക്രമീകരിക്കുന്നതിനായുള്ള ടേംസ് ഓഫ് റഫറൻസിൽ ഒപ്പുവെച്ചതായി കേന്ദ്ര വാണിജ്യ, വ്യവസായ മന്ത്രി പിയൂഷ് ഗോയൽ. യുകെ പ്രധാനമന്ത്രി കിയർ സ്റ്റാർമറിൻറെ ഇന്ത്യ സന്ദർശനം തുടരുന്നതിനിടെയാണിത്. ഈ നീക്കം ഇന്ത്യ-യുകെ സമഗ്ര സാമ്പത്തിക വ്യാപാരക്കരാർ യാഥാർത്ഥ്യമാക്കുന്നതിനെ പിന്തുണയ്ക്കുമെന്നും ഇരു രാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി വ്യാപാരത്തെ ശക്തിപ്പെടുത്തുമെന്നും ശ്രീ ഗോയൽ സമൂഹമാധ്യമത്തിൽ കുറിച്ചു.

❁❁❁❁❁❁❁❁❁❁❁❁

## HOME MINISTER - KASHMIR

ജമ്മുകശ്മീരിലെ സുരക്ഷാ സാഹചര്യങ്ങൾ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ വിലയിരുത്തി. ഭീകരവാദ മുക്തമായ ജമ്മു കശ്മീർ എന്ന ലക്ഷ്യം നേടിയെടുക്കാൻ കേന്ദ്രസർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് ശ്രീ ഷാ പറഞ്ഞു. ശത്രുരാജ്യങ്ങൾ ജമ്മുകശ്മീരിൽ പരിപോഷിപ്പിച്ചുവന്ന ഭീകര ശൃംഖലയെ തകർക്കാൻ സുരക്ഷാ ഏജൻസികളുടെ നിശ്ചയദാർഢ്യത്തിലൂടെ സാധിച്ചതായി അദ്ദേഹം ചൂണ്ടിക്കാട്ടി. മേഖലയിലെ സമാധാനത്തിനും സുരക്ഷയ്ക്കും ഭീഷണിയാകുന്ന എന്ത് ശ്രമങ്ങളേയും തകർക്കാൻ സുരക്ഷാ സേനയ്ക്ക് നൽകിയിട്ടുള്ള സ്വാതന്ത്ര്യം തുടരുമെന്നും കേന്ദ്ര ആഭ്യന്തരമന്ത്രി വ്യക്തമാക്കി.

❁❁❁❁❁❁❁❁❁❁❁❁

## RAJNATH-AUSTRALIA

ഭീകരവാദവും ചർച്ചയും ഒരുമിച്ച് പോകില്ലെന്ന ഇന്ത്യൻ നിലപാട് ആവർത്തിച്ച് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ്. ഓസ്ട്രേലിയൻ ഉപ പ്രധാനമന്ത്രി റിച്ചാർഡ് മാർലെസുമായുള്ള ഉഭയകക്ഷി കൂടിക്കാഴ്ചയ്ക്കിടെയാണ് പരാമർശം. ഇന്ത്യയും ഓസ്ട്രേലിയയും തമ്മിൽ ആഴമേറിയ സാംസ്കാരിക, ജനാധിപത്യ ബന്ധം നിലനിൽക്കുന്നതായും ശ്രീ സിങ് പറഞ്ഞു. സമഗ്ര നയതന്ത്ര പങ്കാളിത്തം പ്രതിരോധ മേഖലയിൽ വലിയ മാറ്റം കൊണ്ടുവന്നതായും കേന്ദ്രമന്ത്രി വ്യക്തമാക്കി. പ്രതിരോധ മേഖലയിലെ മൂന്ന് സുപ്രധാന കരാറുകളിലും ഇരു രാജ്യങ്ങളും ഒപ്പുവെച്ചു.

❁❁❁❁❁❁❁❁❁❁❁❁

## PRESIDENT - GUJARAT VISIT

മൂന്ന് ദിവസത്തെ ഗുജറാത്ത് സന്ദർശനത്തിനായി രാഷ്ട്രപതി ദ്രൗപദി

മുർമു രാജ്കോട്ടിലെത്തി. രാഷ്ട്രപതി നാളെ സോമനാഥ് ക്ഷേത്രത്തിൽ ദർശനം നടത്തും. തുടർന്ന് ഗിർ ദേശീയോദ്യാനം സന്ദർശിക്കുന്ന ശ്രീമതി മുർമു സാസൻ ഗിറിലെ പ്രാദേശിക ഗോത്ര സമൂഹവുമായി സംവദിക്കും. അഹമ്മദാബാദിൽ ഗുജറാത്ത് വിദ്യാപീഠത്തിന്റെ 71-ാമത് ബിരുദദാന ചടങ്ങിലും രാഷ്ട്രപതി പങ്കെടുക്കും.

❁❁❁❁❁❁❁❁❁❁❁❁

## ANUPRIYA-TOBACCO

പുകയില രഹിത യുവജന ക്യാമ്പയിൻ 3.0 ക്ക് ന്യൂഡൽഹിയിൽ തുടക്കം കുറിച്ച് കേന്ദ്ര ആരോഗ്യ സഹമന്ത്രി അനുപ്രിയ പട്ടേൽ. പുകയില ഉപയോഗത്തിൻറെ ദോഷവശങ്ങളെക്കുറിച്ച് യുവതലമുറയെ ബോധവത്കരിക്കാൻ ലക്ഷ്യമിട്ടാണ് രണ്ടു മാസം നീണ്ടുനിൽക്കുന്ന പ്രചാരണ പരിപാടി ആരംഭിച്ചത്. രാജ്യത്തെ വലിയ ഒരു വിഭാഗം യുവ ജനത പുകയില ഉപയോഗത്തിൽ അടിമപ്പെട്ടു പോയതായും രാജ്യത്തെയും യുവജനതയെയും പുകയില ഉപയോഗത്തിൽ നിന്നും മുക്തമാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും കേന്ദ്ര സഹമന്ത്രി പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁

## NOBEL PRIZE

സാഹിത്യത്തിനുള്ള 2025 ലെ നൊബേൽ പുരസ്കാരം ഹംഗേറിയൻ എഴുത്തുകാരൻ ലാസ്ലോ ക്രസ്ന ഹോർക്കയ്ക്ക്. ആധുനിക യൂറോപ്യൻ സാഹിത്യത്തിലെ ശ്രദ്ധേയ എഴുത്തുകാരിൽ ഒരാളാണ് അദ്ദേഹം. 2015 ലെ മാൻ ബുക്കർ പുരസ്കാര ജേതാവാണ്.

❁❁❁❁❁❁❁❁❁❁❁❁

## PM US PEACE PLAN

ഗാസയിലെ യുദ്ധം അവസാനിപ്പിക്കുന്നതിനായി അമേരിക്ക മുന്നോട്ടുവച്ച സമാധാന പദ്ധതിയുടെ ആദ്യ ഘട്ടം ഇസ്രയേലും ഹമാസും അംഗീകരിച്ചു. ഈജിപ്തിലെ ഷാം എൽ-ഷെയ്ക്കിൽ നടന്ന ചർച്ചയിലാണ് ധാരണ. കരാറിന്റെ ആദ്യ ഘട്ടത്തിൽ പലസ്തീൻ തടവുകാരെ വിട്ടയക്കുന്നതിനു പകരമായി, ഹമാസും എല്ലാ ബന്ദികളെയും മോചിപ്പിക്കും. സമാധാന കരാറിൻറെ പ്രാരംഭഘട്ടം നടപ്പാക്കാൻ തീരുമാനിച്ചതായി ഇസ്രയേലും, ഹമാസും

മധ്യസ്ഥ രാഷ്ട്രമായ ഖത്തറും സ്ഥിരീകരിച്ചു. സമാധാന കരാറിനെ ഐക്യരാഷ്ട്രസഭയും പ്രധാനമന്ത്രി നരേന്ദ്രമോദിയും സ്വാഗതം ചെയ്തു.

❁❁❁❁❁❁❁❁❁❁❁❁

## VIKRAM MISRI (iNTRO)

ഗാസയിലെ സമാധാനം പുനഃസ്ഥാപിക്കുന്നതിനുള്ള എല്ലാ ശ്രമങ്ങളെയും ഇന്ത്യ പിന്തുണയ്ക്കുന്നതായി വിദേശകാര്യ മന്ത്രാലയം. ഗാസയിലെ ബന്ദികളുടെ മോചനവും ശാശ്വതമായ വെടിനിർത്തലും ഉടൻ സാധ്യമാകുമെന്ന് പ്രതീക്ഷിക്കുന്നതായി വിദേശകാര്യസെക്രട്ടറി വിക്രം മിശ്രി പറഞ്ഞു.

(ഹോൾഡ്)

ഐക്യരാഷ്ട്ര സുരക്ഷാ സമിതിയിൽ ഇന്ത്യയ്ക്ക് സ്ഥിര അംഗത്വം ലഭിക്കുന്നതിനുള്ള യുകെയുടെ പിന്തുണയെ സ്വാഗതം ചെയ്യുന്നതായും ശ്രീ മിശ്രി പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁

## ASSEMBLY

15-ാം കേരള നിയമസഭയുടെ 14-ാം സമ്മേളനത്തിന് ഇന്ന് സമാപനമായി. സഭ അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു. ശബരിമല സ്വർണപ്പാളി വിഷയത്തിൽ തുടർച്ചയായ നാലാം ദിവസവും രൂക്ഷമായ പ്രതിപക്ഷ പ്രതിഷേധത്തിന് സഭ വേദിയായി. പ്രതിഷേധം വാച്ച് ആന്റ് വാർഡ് പ്രതിരോധിക്കുന്നതിനിടെ ചീഫ് മാർഷലിന് പരിക്കേറ്റ സംഭവത്തിൽ മൂന്ന് പ്രതിപക്ഷ അംഗങ്ങളെ സസ്പെൻഡ് ചെയ്തു. റോജി എം ജോൺ, എം വിൻസന്റ്, സനീഷ് കുമാർ ജോസഫ് എന്നിവരെ നടപ്പു സമ്മേളന കാലാവധിയിൽ സസ്പെൻഡ് ചെയ്തു.  ഇന്നത്തെ കാര്യപരിപാടിയിലുണ്ടായിരുന്ന ബില്ലുകൾക്ക് പുറമേ നാളെ പരിഗണിക്കാനിരുന്ന ബില്ലുകൾ കൂടി ഇന്നു തന്നെ  പരിഗണിച്ചാണ് സഭ പിരിഞ്ഞത്.

❁❁❁❁❁❁❁❁❁❁❁❁

## AFGHANISTAN FM-INDIA

അഫ്ഗാനിസ്ഥാന്റെ ഇടക്കാല വിദേശകാര്യ മന്ത്രി അമീർഖാൻ മുത്താക്കി ഒരാഴ്ചത്തെ സന്ദർശനത്തിനായി ന്യൂഡൽഹിയിലെത്തി. താലിബാൻ അധികാരത്തിൽ തിരിച്ചെത്തിയതിനു ശേഷമുള്ള ഒരു അഫ്ഗാൻ

നയതന്ത്രജ്ഞന്റെ ആദ്യ ഇന്ത്യാ സന്ദർശനമാണിത്. ഈ മാസം 16 വരെയാണ് സന്ദർശനം.

❁❁❁❁❁❁❁❁❁❁❁❁

## CM - AMITSHAH MEETING

മുഖ്യമന്ത്രി പിണറായി വിജയൻ കേന്ദ്രമന്ത്രിമാരായ അമിത് ഷാ, ജെ പി നഡ്ഡ, നിതിൻ ഗഡ്കരി എന്നിവരുമായി ഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. നാളെ പ്രധാനമന്ത്രി നരേന്ദ്രമോദിയെയും മുഖ്യമന്ത്രി സന്ദർശിക്കും. മന്ത്രി മാരായ കെ എൻ ബാലഗോപാൽ, മുഹമ്മദ് റിയാസ്, ചീഫ് സെക്രട്ടറി തുടങ്ങിയവർ മുഖ്യമന്ത്രിക്ക് ഒപ്പമുണ്ട്. വയനാടിന് കൂടുതൽ കേന്ദ്ര സഹായം, കേരളത്തിന് എയിംസ് തുടങ്ങിയ വിഷയങ്ങൾ ചർച്ചയിൽ മുഖ്യമന്ത്രി ഉന്നയിക്കും. കേന്ദ്ര ടൂറിസം മന്ത്രി ഗജേന്ദ്ര സിങ്ങ് ശെഖാവത്തു മായി മന്ത്രി മുഹമ്മദ് റിയാസ് ഇന്ന് കൂടിക്കാഴ്ച നടത്തി. ഡിസംബറിൽ കേരളത്തിൽ നടക്കുന്ന ടൂറിസം പരിപാടിയിലേക്ക് കേന്ദ്രമന്ത്രിയെ അദ്ദേഹം ക്ഷണിച്ചു.

❁❁❁❁❁❁❁❁❁❁❁❁

## WOMENS WORLD CUP

വനിതാ ഏകദിന ക്രിക്കറ്റ് ലോകകപ്പിൽ ഇന്ത്യക്കെതിരെ ദക്ഷിണാഫ്രിക്കയ്ക്ക് 252 റൺസ് വിജയലക്ഷ്യം. ടോസ് നഷ്ടപ്പെട്ട് ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ 50 ഓവറിൽ 251 റൺസിന് പുറത്തായി. ഇന്ത്യക്കായി റിച്ച ഗോഷ് 94 റൺസ് നേടി.

❁❁❁❁❁❁❁❁❁❁❁❁

## WEATHER - KERALAM

കേരളത്തിൽ വിവിധ ജില്ലകളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യത യുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. പത്തനംതിട്ട, ഇടുക്കി, മലപ്പുറം, വയനാട്, കണ്ണൂർ ജില്ലകളിൽ ഇന്നും മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിൽ നാളെയും മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. ഇന്ന് കേരള- കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്നും പ്രത്യേക നിർദ്ദേശ മുണ്ട്. ദക്ഷിണ കർണാടക യുടെ ഉൾമേഖല, പുതുച്ചേരി, കാരയ്ക്കൽ എന്നിവിടങ്ങളിലെ ഒറ്റപ്പെട്ട ഇടങ്ങളിലും ഇന്ന് അതിശക്തമായ മഴയ്ക്ക് സാധ്യതയുണ്ട്.

## INDIA-UN

ഐക്യരാഷ്ട്രസഭയിൽ പാകിസ്ഥാനെ രൂക്ഷമായി വിമർശിച്ച് ഇന്ത്യ. ഐക്യരാഷ്ട്ര സഭാ വേദികൾ പാകിസ്ഥാൻ ദുരുപയോഗം ചെയ്യുന്നതായും സ്വന്തം ജനങ്ങൾക്ക് നേരെ ബോംബെറിയുന്നതും പ്രതിഷേധങ്ങളെ ക്രൂരമായി അടിച്ചമർത്തുന്നതും പാകിസ്ഥാൻറെ പതിവ് രീതിയാണെന്നും ബിജെപി എംപി, പി പി ചൗധരി കുറ്റപ്പെടുത്തി. ഗ്ലോബൽ സൗത്തിൻറെയും ഐക്യരാഷ്ട്രസഭയുടെയും വിശ്വസ്ത പങ്കാളിയായി ഇന്ത്യ തുടരുമെന്നും ശ്രീ ചൗധരി പറഞ്ഞു.

## SCINDIA-IMC

കഴിഞ്ഞ ദശകത്തിൽ സംരംഭകത്വത്തിൽ രണ്ട് മാതൃകാപരമായ മാറ്റങ്ങൾക്ക് ഇന്ത്യ സാക്ഷ്യം വഹിച്ചതായി കേന്ദ്ര വാർത്താവിനിമയ മന്ത്രി ജ്യോതിരാദിത്യ സിന്ധ്യ. ലിംഗസമത്വത്തിലും ടയർ രണ്ട്, മൂന്ന് നഗരങ്ങളിൽ ലിസ്റ്റ് ചെയ്തിട്ടുള്ള കമ്പനികളുടെ വളർച്ചയിലും വലിയ മാറ്റമാണ് ഉണ്ടായതെന്നും കേന്ദ്രമന്ത്രി പറഞ്ഞു.